# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1331** **12.03.2015 ലെ മറുപടിയ്ക്ക്**

# സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മരാമത്ത് പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പൂർത്തീകരിക്കാത്ത എത്ര മരാമത്ത് പണികൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 28.02.2015 ലെ കണക്കുപ്രകാരം ആകെ 182 പ്രവർത്തികളിൽ (41 കൺസൾട്ടൻസി പ്രവർത്തികൾ ഉൾപ്പെടെ) ഇപ്പോൾ 153 പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായി ശേഷിക്കുന്നു. പ്രസ്തുത പ്രവർത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിൽ എത്ര പണികൾ കോർപ്പറേഷൻ കരാറുകാർക്ക് മറിച്ചു നൽകിയിട്ടുണ്ട്; ഇതിന്റെ ആകെ അടങ്കൽ തുകയെത്ര; എത്ര പണികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്നു; ഇതിന്റെ അടങ്കൽ തുകയെത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 07.09.2007 ലെ G.O.(P)No.408/2007/Fin നമ്പർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പ്രത്യേകം ടെണ്ടർ ചെയ്യപ്പെട്ട കൺസൾട്ടൻസി/ഗൈഡ് ലൈൻ വർക്കുകൾ ഒഴികെ ആകെ 119 പ്രവർത്തികൾ ബോർഡ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് സബ് കോൺട്രാക്ട് ചെയ്തു നൽകിയിട്ടുണ്ട്. ഈ 119 പ്രവർത്തികളുടെ മൊത്തം അടങ്കൽ തുക 1265.86 കോടി രൂപയാണ്. പ്രസ്തുത പ്രവർത്തികളുടെ പകുതിയിലേറെ പണികൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br>പൂർത്തിയാകേണ്ട 153 പ്രവർത്തികളിൽപ്പെട്ട 34 പണികൾ കമ്പനി നേരിട്ട് ടെണ്ടർ ചെയ്തു നടത്തുകയാണ്. അതിന്റെ അടങ്കൽ തുക 441.14 കോടി രൂപയാണ്. |
| (സി) കരാറുകാർക്ക് പണി മറിച്ചു നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഈ | (സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയ |

വ്യവസ്ഥകളുടെ ഫലമായി എത്ര തുക കോർപ്പറേഷന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

പരിധിക്കകം പ്രവൃത്തികൾ പൂർത്തിയാക്കുന്നവരുമായ പൊതു മരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഈ പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത പ്രവൃത്തിയെ സംബന്ധിച്ച് അവരുടെ ചുരുങ്ങിയ നിരക്ക് ക്വോട്ട് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ കമ്പനിയുടെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനുമായി എം.ഒ.യു. ഒപ്പ് വയ്ക്കുന്നു. ഈ എം.ഒ.യു. ന്റെ അടിസ്ഥാനത്തിലാണ് കമ്പനി ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന ടെണ്ടർ ഓഫറുകൾ സൂക്ഷ്മ പരിശോധന നടത്തി ഗവണ്മെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം നൽകപ്പെടുന്ന ശുപാർശകൾക്കനുസൃതമായി കോർപ്പറേഷന് പ്രവൃത്തിയുടെ വർക്ക് ഓർഡർ ലഭിക്കുന്ന പക്ഷം, മേൽ പറഞ്ഞ എം.ഒ.യു. ഒപ്പുവച്ച കരാറുകാരനുമായി ഉപകരാർ ഒപ്പ് വയ്ക്കുന്നു. കരാർതുകയിൽ, ആദായനികുതി ഒഴിവാക്കിയശേഷമുള്ള തുകയുടെ 5% തുക കമ്പനിക്ക് ലഭിക്കത്തക്കവിധത്തിലാണ് പ്രവൃത്തികൾ നൽകുന്നത്. ഇപ്രകാരം, കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ലഭിച്ച തുകയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളത്; ഇളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നല്കിയിട്ടുള്ളതിന്റെ വിശദവിവരം താഴെചേർക്കുന്നു.

1. 13.08.1987 ലെ G.O.(Ms)No.67/87/PW&T നമ്പർ ഉത്തരവ് പ്രകാരം ഒരു 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്.

2. 12.02.1992 ലെ G.O.(Ms)No.16/92/PW&T നമ്പർ ഉത്തരവ് പ്രകാരം ഈ കമ്പനിയെ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ

സ്ഥാപനങ്ങളുടെയും മറ്റും മരാമത്ത് പണികളെ സംബന്ധിച്ചിടത്തോളം പ്രീ ക്വാളിഫൈഡായി പ്രഖ്യാപിച്ചിട്ടുണ്ട്.

3. 18.08.1998 ലെ G.O.(Ms) No.75/98/PWD നമ്പർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ്/ഇ.എം.ഡി. എന്നിവ നൽകുന്നതിൽ നിന്നും കോർപ്പറേഷന് ഇളവ് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (ഇ) | ഈ ഇളവുകളിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് മാറ്റം വരുത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) 28.04.1988 ലെ G.O.(Ms) No.23/88/PW&T നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 10% പ്രൈസ് പ്രിഫറൻസ്, 13.01.2015 ലെ G.O.(P) No.14/2015/Fin നമ്പർ ഉത്തരവ് പ്രകാരം കമ്പനി നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്